# പാഠം 14

അടിച്ചു എന്ന മലയാളപദത്തിന് അറബിയിൽ **ദറബ** എന്നാണ് പറയുക. ഈ വാക്കിന് മറ്റു പല അർഥങ്ങളുമുണ്ട്. നാം ഇപ്പോൾ ദറബക്ക് അടിച്ചു എന്ന് പഠിക്കുക. ആ വാക്ക് എഴുതുക.
(ഓരോ അക്ഷരവും എഴുതുന്ന രീതി പാഠത്തിന്റെ അവസാനം ചേർത്തിട്ടുണ്ട്.)

| | | 3 | 2 | 1 |
|---|---|---|---|---|
| ضَرَبَ | ദറബ ضَ رَ بَ | بَ | رَ | ضَ |
| എഴുതുന്ന രൂപം | **അടിച്ചു** | ബ | റ | ദ |

ഇത് എഴുതി ശീലിച്ചതിനു ശേഷം കാണാതെ ഒരു കടലാസിൽ എഴുതുക. പഠിച്ചെന്ന് ഉറപ്പായതിന് ശേഷം അടുത്ത വാക്ക് പഠിക്കുക.
<u>നിയമം:</u> നാവിന്റെ അവസാനഭാഗം മേൽവരി പല്ലിന്റെ പിറകിൽ അണ്ണാക്കിൽ അമർത്തി വച്ചെടുത്ത് ഉച്ചരിക്കുകയാണ് ദ എന്ന അക്ഷരത്തിന്റെ ഉച്ചാരണരീതി.

---



| | | 3 | 2 | 1 |
|---|---|---|---|---|
| طَيْر | ത്വൈർ طَ يْ رْ | رْ | يْ | طَ |
| എഴുതുന്ന രൂപം | **പക്ഷി** | ർ | യ് | ത്വ |

ഇത് പല തവണ എഴുതി ശീലിച്ചതിനു ശേഷം കാണാതെ ഒരു കടലാസിൽ എഴുതുക.

---

തണൽ എന്ന വാക്കിന് സാധാരണ **ളില്ല്** എന്നാണ് അറബിയിൽ പറയുക. മലയാളത്തിൽ ള എന്ന് പറയുന്നതുപോലെയല്ല അതിന്റെ ഉച്ചാരണം. നാവിന്റെ അഗ്രം മേൽ വരി പല്ലിന്റെ താഴെ വെച്ച് ള എന്ന് ഉച്ചരിക്കുകയാണ് അതിന്റെ രീതി.



| | | | | |
|---|---|---|---|---|
| ظِلّ | ളില്ല് ظِ لّ | | لّ | ظِ |
| എഴുതുന്ന രൂപം | തണൽ | | ല്ല് | ളി |

ല എന്ന അക്ഷരത്തിനു മുകളിൽ മലയാളത്തിലെ ധ എഴുതിയതു പോലെ ഒരു മാർക്ക് കാണാം. അത് ഒരു വാക്കിനെ കട്ടി കൂട്ടി ഉച്ചരിക്കവാനുള്ളതാണ്. എല്ലാ അക്ഷരങ്ങൾക്കും അത് ബാധകമാണ്.

---

ഈ പാഠത്തിൽ പഠിച്ച വാക്കുകൾ കൂട്ടിയെഴുതുന്ന രീതി:

| | | |
|---|---|---|
| **ദറബ** | ضَرَبَ | ضَ رَ بَ |
| **ത്വൈർ** | طَيْر | طَ يْ رْ |
| **ളില്ല്** | ظِلّ | ظِ لّ |

ഇതുവരെ പഠിച്ച അക്ഷരങ്ങൾ എഴുതുന്ന രീതി:

